# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 509
## 29.05.2019 ലെ മറുപടിക്ക്

## <u>ദേശീയപാത ജംഗ്ഷനുകളിൽ സി.സി.ടി.വി ക്യാമറകൾ</u>

| | ചോദ്യം<br>ശ്രീമതി യു. പ്രതിഭ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കായംകുളം മണ്ഡലത്തിൽ ദേശീയപാതയിലടക്കം പൊതു നിരത്തുകളിൽ ഉണ്ടാകുന്ന വാഹന അപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ, അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിലേക്ക് പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടി എം.എൽ.എ. യുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക അനുവദിക്കുന്നതിനായി സർക്കാരിന്റെ പ്രത്യേക അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | ഈ വിഷയം ഫയൽ നമ്പർ E 1176691 ൽ പരിശോധിക്കുകയും നിലവിലെ മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ കായംകുളം മണ്ഡലത്തിൽ ദേശീയപാതയിലടക്കം പൊതു നിരത്തുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എം എൽ എ യുടെ ശുപാർശ പരിഗണിക്കുവാനാകില്ലെന്ന് 8.05.2019 ലെ 53/എൻ.സി ബി1/2019/ധന[1176691] കത്ത് പ്രകാരം എം എൽ എ യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ